(ബി) ഇതു സംബന്ധിച്ച പ്രൊപ്പോസൽ ലഭിച്ചാൽ അർഹത പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

56 (498) സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതു സംബന്ധിച്ച്

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത അദ്ധ്യയന വർഷത്തിൽ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്;

(സി) എൽ.പി.എസ്. അപ്ഗ്രേഡ് ചെയ്ത് യു.പി.എസ്. ആക്കാൻ വേണ്ട മാനദണ്ഡങ്ങൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ; ആവശ്യമായ സൗകര്യങ്ങൾ അനുവദിച്ചാൽ സ്കൂൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അടുത്ത അദ്ധ്യയന വർഷത്തിൽ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതു സംബന്ധിച്ച് ഇതുവരെയും തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല.

(ബി) 6 സ്കൂളുകൾ.

(സി) സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത് സർക്കാരിന്റെ നയപരമായ തീരുമാനമാണ്. കേരള എഡ്യൂക്കേഷൻ റൂൾസിലെ ചാപ്റ്റർ 5 റൂൾ (എ)യിലെ നിബന്ധനകൾക്ക് വിധേയമായാണ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത്.

57 (504) പ്രീ-ഡിഗ്രി കോഴ്സ് കോളേജുകളിൽനിന്നും മാറ്റാൻ നടപടി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത അദ്ധ്യയന വർഷം മുതൽ പ്രീ-ഡിഗ്രി കോഴ്സ് കോളേജുകളിൽനിന്നും പൂർണ്ണമായും ഡീലിങ്ക് ചെയ്ത് സ്കൂളിലേക്ക് മാറ്റാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇതിനുവേണ്ടി പ്ലസ് ടൂ കോഴ്സ് നടപ്പിലാക്കേണ്ട സ്കൂളുകളുടെ ലിസ്റ്റ് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഇപ്പോൾ പ്രീ-ഡിഗ്രി കോഴ്സ് നിലവിലുള്ള കോളേജുകൾക്ക് സമീപമുള്ള സ്കൂളുകളിൽ പ്ലസ് ടൂ കോഴ്സ് അനുവദിക്കാൻ മുൻഗണന നൽകുമോ;

(ഡി) കൂടുതൽ സർക്കാർ സ്കൂളുകളിൽ പ്ലസ് ടൂ കോഴ്സ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) പ്ലസ് ടൂ അധ്യാപകരുടെ നിയമനം പൂർണ്ണമായും പി.എസ്.സി. വഴി നടത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇപ്പോൾ പ്ലസ് ടൂ അധ്യാപകരായി ജോലി ചെയ്യുന്നവരെ എലിജിബിലിറ്റി ടെസ്റ്റിൽനിന്നും ഒഴിവാക്കുമോ?

ഉത്തരം

(എ) സ്വീകരിക്കും.

(ബി) ഇല്ല. പുതിയ പ്ലസ് ടൂ സ്കൂളുകൾക്കുള്ള അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി&ഡി) പ്ലസ് ടൂ കോഴ്സ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി നടപടികൾ കൈക്കൊള്ളും.

(ഇ) ഹയർ സെക്കണ്ടറി സ്പെഷ്യൽ റൂൾസ് നിലവിൽ വരുന്നതോടുകൂടി സർക്കാർ സ്കൂളുകളിലെ നിയമനങ്ങൾ പി.എസ്.സി. വഴി നടത്താൻ സാധിക്കും.

(എഫ്) 1995-96 വരെയുള്ള കാലയളവിൽ പ്ലസ് ടൂ അധ്യാപകരായവരെ മാത്രമേ എലിജിബിലിറ്റി ടെസ്റ്റിൽനിന്ന് ഒഴിവാക്കിയിട്ടുള്ളൂ. മുഴുവൻ പേരെയും ഒഴിവാക്കുന്നത് പ്രായോഗികമല്ല.

58 (505) സംസ്ഥാനത്തെ കോളേജുകളിൽനിന്ന് പ്രീ ഡിഗ്രി വേർപെടുത്താൻ നടപടി

ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിൽനിന്ന് പ്രീ ഡിഗ്രി വേർപെടുത്താൻ നടപടി ആരംഭിച്ചപ്പോൾ പ്രസ്തുത പ്രക്രിയ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്;

(ബി) ലക്ഷ്യമിട്ടിരിക്കുന്നതുപോലെ ഈ നടപടി പുരോഗമിച്ചിട്ടുണ്ടോ;

(സി) അൺഎയ്ഡഡ് സ്കൂളുകളിൽ പ്ലസ് ടൂ നടപ്പാക്കുന്നതു സംബന്ധിച്ച് സർക്കാരിന്റെ ഇപ്പോഴത്തെ നയമെന്താണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ നിയമത്തിന് വിരുദ്ധമായി സംസ്ഥാനത്തെ ഏതെല്ലാം അൺഎയ്ഡഡ് സ്കൂളുകൾക്ക് പ്ലസ് ടൂ അനുവദിച്ചിട്ടുണ്ട്;

(ഇ) 1996-97, 1997-98, 1998-99 വർഷങ്ങളിൽ സംസ്ഥാനത്തെ ഏതൊക്കെ അൺ എയ്ഡഡ് സ്കൂളുകളിൽ പ്ലസ് ടൂ അനുവദിച്ചുവെന്നും 1999-2000 വർഷത്തിൽ ഏതെങ്കിലും സ്കൂളിന് പ്ലസ് ടൂ അനുവദിച്ചിട്ടുണ്ടോയെന്നും വെളിപ്പെടുത്തുമോ;

(എഫ്) പ്രീഡിഗ്രി വേർപെടുത്തൽ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly